little KITEs

H.S.S KOTTARA

# തിര 2020

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ശങ്കരമംഗലം ഹയർസെക്കന്ററി സ്കൂൾ

## കൊട്ടറ

# തിര 2020

## ലിറ്റിൽ കൈറ്റ്സ്

## ഐ ടി ക്ലബ്

നമ്പർ LK/2018/39030

# ആശംസകളോടെ....

കൊട്ടറ ശങ്കരമംഗലം ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റി ന്റെ ആഭിമുഖ്യത്തിൽ ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് " തിര 2020 " എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്ന വിവരം അറിഞ്ഞു. കുട്ടികൾ നടത്തുന്ന ഈ പ്രവർത്തനത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

Minigeorge
Headmistress

ആശംസകളോടെ....

ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഡിജിറ്റൽ മാഗസീൻ തിര 2020 ന് എല്ലാവിധ ആശംസകളും നേരുന്നു.

Nidheesh .T
Kite Master

## ആശംസകളോടെ....

നവയുഗ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ലിറ്റിൽ കൈറ്റ് യൂണിറ്റ് നിർമ്മിക്കുന്ന ഡിജിറ്റൽ മാഗസീൻ തിര 2020 ന് എല്ലാവിധ ആശംസകളും നേരുന്നു.

Rekha .T.R

Kite Mistress

# എഡിറ്റോറിയൽ.....

പ്രീയ വിദ്യാർത്ഥികളെ വിദ്യാഭ്യാസം എന്നത് വെറും പഠനം മാത്രമല്ല അതിൽ സാഹിത്യത്തിനും കലയ്ക്കും തുല്യ പ്രാധാന്യമുണ്ട്. കുട്ടികളിൽ മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിനും വ്യക്തിത്വ വികസനത്തിനും ഇവ വളരെയേറെ പ്രയോജനം ചെയ്യുന്നുണ്ട്. തിര 2020 ലൂടെ നിങ്ങളുടെ ഭാവനകൾ ചിറകുവിരിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

Chief Editor
Angel Babu

# താളുകളിലൂടെ


സ്ത്രീ ........................................7

**നിശയിലെ അമ്മ മുത്ത്** ........................................8

**കിനാവുകളുടെ രാവ്** ........................................9

**അവാർഡുകൾ** ........................................10

**ജ്ഞാനപീഠം പുരസ്കാരം** ........................................11

**സൈബർ സുരക്ഷ** ........................................12

**പ്രളയം** ........................................14

**സൺ റൈസ്** ........................................15

# സ്ത്രീ

ഈശ്യരന്റെ ഏറ്റവും പൂർണതയുള്ള ഭ്രമിയുലെ സ്യഷ്ടി-
എന്നാൽ സ്യഷ്ടികർത്താവിനു പോലും മനസ്സിലാക്കാൻ
സാധിക്കാത്ത മനസ്സുള്ളവരും......
സ്നേഹത്തിന്റെയും സഹനത്തിന്റെയും മൂർത്ത ഭാവങ്ങൾ.
പുലരി കിഴക്കൻ ചക്രവാളത്തിൽ ചുവപ്പ് പുതപ്പിക്കുന്നതിന് മുമ്പ്-
ഉണരുകയും ചന്ദ്രൻ നാണം കൊണ്ട് മേഘങ്ങൾക്കിടയിൽ
മറയുമ്പോൾ മാത്രം ഉറങ്ങുകയും ചെയുന്നവൾ.....
ഭ്രമിയിലെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള എല്ലാ യന്ത്രങ്ങളെക്കാളും
കൂടുതൽ ജോലി ചെയ്യാൻ കഴിവുള്ളവൾ....
സ്യഷ്ടി ഈശ്വരൻ എങ്കിൽ ഭ്രമിയിലെ മുപ്പത്തിമുക്കോടി
ദൈവങ്ങൾ സ്ത്രീകൾ തന്നെ.....
ആർക്കും എളുപ്പം മനസ്സിലാക്കാൻ-
കഴിയാത്ത മനസ്സിനുടയവൾ....
സ്ത്രീ ഈശ്വരന്റെ അത്ഭുതസ്യഷ്ടി തന്നെ...
മകളും സഹോദരിയും ഭാര്യയും അമ്മയും ആയി അനേകം
രൂപങ്ങൾ എടുക്കാൻ കഴിവുള്ളവൾ....

**ഹേയ് സ്ത്രീയെ.....നിന്നെ നമിക്കുന്നു**

Angel Babu
IX C

# നിശയിലെ അമ്മ മുത്ത്

സൂര്യന് വിടചൊല്ലി എൻ മനസ്സ്

നിശയേ വരവേൽക്കാൻ ഒരുങ്ങി

അതിലെൻ സ്വപ്നം എന്റെ അമ്മ മുത്ത്

നിലാവ് തെളിഞ്ഞു വന്നു.

ആപത്തും, ഇരുളും നിറഞ്ഞ നിശയിൽ എന്റെ നിലാവ് എനിക്ക് പ്രകാശം തന്നു.

എന്റെ ഉള്ളിലെ ഭയവും മറ്റും എന്നിൽ നിന്ന് അകറ്റി എൻ നിലാവ്

നിലാവിനാൽ സന്തുഷ്ടരായി എൻ പ്രകൃതി നിശാശലഭങ്ങൾ പറന്നു രസിക്കുന്നു

നായകൾ ഓരി ഇടുന്നു

എന്റെ നിശ എന്ന രാത്രിയേ സുന്ദരിയാക്കുവാൻ എന്റെ അമ്പിളി മുത്ത് പരിശ്രമിക്കുന്നു

Abhirami .R
IX E

# കിനാവുകളുടെ രാവ്

രാത്രി തൻ ഈറൻ മുടി
യിലായി കണ്ടു ഞാൻ ഏറെ
അകന്നൊരാ കിനാവുകളെല്ലാം
തെളിഞ്ഞും മറഞ്ഞും
അകന്നൊരാ ചന്ദ്രനെപ്പോലെയ
ല്ലയോ കിനാവുകളെല്ലാം
ഇരുളിനയകറ്റി പ്രകാശം പരത്തുന്ന അവളുടെ കരുണയിൽ ഞാൻ കിടക്കവേ
സഫലമല്ലാത്തൊരെൻ കിനാ
വുകളെല്ലാം തെളിഞ്ഞും മറ
ഞ്ഞും വന്നിടുന്നു ... .
അകലെയെവിടെയോ നീ ഉണ്ടെ-
ന്നറിഞ്ഞു ഞാൻ നിന്നിൽ
അടർന്നൊരാ വെളിച്ചമായി
സ്വയം ഉരുകി പരത്തുന്ന
താ ണൊ നീ എന്നിലെ
പാഴ്ക്കിനാ ജീവൻ പകരുവാൻ
അറിയില്ല പറയില്ല,
പറയുകയുമില്ല നീ
അറിയാം ഇതു നിൻ
രക്തമെന്ന്
സ്വയം ഉരുകി പ്രകാശം പരത്തും നിൻ
നന്മയെങ്ങും പരത്തി ടട്ടെ
എൻ കിനാവും സഫലമായിടട്ടേ...

**ആസിയ**

**IX C**

# അവാർഡുകൾ

## കേരള സാഹിത്യ അക്കാദമി അവാർഡ് 2019

കവിത - വി എം ഗിരിജ (ബുദ്ധപൂർണിമ )

കഥ - കെ രേഖ (മാനാഞ്ചിറ )

നോവൽ -കെ.വി.മോഹൻകുമാർ (ഉഷ്ണ രാശി)

യാത്രാവിവരണം - ബൈജു എൻ നായർ ( ലണ്ടനിലേക്ക് ഒരു റോഡ് യാത്ര)

## കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം 2019

കവിത - മധുസൂദനൻ നായർ ( അച്ഛൻ പിറന്ന വീട് )

ഇംഗ്ലീഷ്, സാഹിത്യേതര വിഭാഗം - ശശി തരൂർ (An Era of Darkness: The British Empire in India.)

Aparna .S
IX C

# ജ്ഞാനപീഠം പുരസ്കാരം(മലയാളം)

1965 ജി ശങ്കരക്കുറുപ്പ് (ഓടക്കുഴൽ )

1980 SK പൊറ്റെക്കാട് (ഒരു ദേശത്തിന്റെ കഥ)

1984 തകഴി (കയർ)

1995 MT വാസുദേവൻ നായർ ( സമഗ്ര സംഭാവന)

2007 ഒ എൻ വി ( സമഗ്ര സംഭാവന )

2019 അക്കിത്തം ( സമഗ്ര സംഭാവന )

Aparna .S
IX C

# സൈബർ സുരക്ഷ......

ഇൻറർനെറ്റിന്റെയും സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളുടെയും ഉപയോഗത്തെക്കുറിച്ച് നമുക്കറിയാം ആശയവിനിമയത്തിനും വിനോദത്തിനും അറിവ് നേടുന്നതിനും എല്ലാം ഇവയുടെ അനന്തസാധ്യത നാം നേരിട്ട് അറിഞ്ഞിട്ടുള്ളതാണല്ലോ എന്നാൽ കുറച്ചു കാലമായി വിദ്യാർഥികളും കൗമാരക്കാരുമായ ചിലരെങ്കിലും സോഷ്യൽമീഡിയയുടെ ചൂഷിത വലയത്തിൽ പെടുന്നതായി നാം കാണുന്നു .ഇത്തരത്തിൽ ഇരകളാകുന്നതിൽ നിന്നും സ്വയം രക്ഷ നേടുന്നതിനും സംരക്ഷിക്കുന്നതിനും ഓരോരുത്തർക്കും കഴിയേണ്ടതുണ്ട്. ഇതിനായി ഓൺലൈൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ചില സുരക്ഷാ മാർഗ്ഗങ്ങൾ നാം സ്വീകരിക്കേണ്ടതുണ്ട് .

**സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ അപകടകാരികളാകുന്നതെപ്പോൾ....**

ഒരാളുടെ സ്വകാര്യ വിവരങ്ങൾ എല്ലാം പോസ്റ്റ് ചെയ്യുകയൊഷെയർ ചെയ്യുകയൊ ചെയ്യുമ്പോൾ; പ്രത്യേകിച്ച് ഫോൺ നമ്പർ, അഡ്രസ് ,സ്ഥലം ,ഫോട്ടോകൾ തുടങ്ങിയവ.

ഒരാളുടെ പ്രൊഫൈൽ കണ്ട് അയാളെ വിശ്വസിക്കുമ്പോൾ മിക്കപ്പോഴും നൽകിയിട്ടുള്ള പ്രൊഫൈൽ വ്യാജവും അസത്യമായിരിക്കും.

ചാറ്റിന്റെ സ്നാപ് ഷോട്ടുകൾ, ഫോട്ടോകൾ, വീഡിയോകൾ എന്നിവ സേവ് ചെയ്യുന്നതും ഭാവിയിൽ അത് ബ്ലാക്ക്മെയിലിംഗ് ഭീഷണിക്കും ഉപയോഗിക്കുമ്പോൾ.

ഒരാളുടെ വ്യക്തിത്വം കളങ്കപ്പെടുത്താൻ ഉദ്ദേശിച്ച് തെറ്റായവിവരങ്ങൾ കമൻറുകൾ, പോസ്റ്റുകൾ ,ഫോട്ടോകൾ എന്നിവയിലൂടെ സൈബർ ഭീഷണി ഉയർത്തുമ്പോൾ.

കുട്ടികളെ വലയിലാക്കി ഇരകളാക്കുന്നതിന് മുതിർന്നവരും കഴുകൻ കണ്ണുള്ളവരുമായി നിരവധിപേർ സമൂഹത്തിലുണ്ട്

**സുരക്ഷിതമായ സോഷ്യൽ നെറ്റ്വർക്കിംഗിനുള്ള നിർദ്ദേശങ്ങൾ**

നിങ്ങൾ നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ വ്യക്തിപരമായി സൂക്ഷിക്കുക

നിങ്ങളുടെ പ്രൈവറ്റ് സെറ്റിംഗ്സ് കസ്റ്റമൈസ് ചെയ്യുക .മറ്റുള്ളവർക്ക് നിങ്ങളുടെ ബേസിക്ക് ഇൻഫോ മാത്രം കാണാൻ അവസരം നൽകുക.

നിങ്ങളുടെ സുഹൃത്തുക്കളെ അറിയുക എന്നതിൽ മാത്രം ചിന്തിക്കുക .ഓൺലൈൻ സുഹൃത്തുക്കളെ വിശ്വസിക്കരുത് സന്ദർശനം മാത്രമായി ചുരുക്കുക .

നിങ്ങൾക്ക് ഇഷ്ടമില്ലാത്ത പോസ്റ്റുകൾ കണ്ടാൽ അത്തരം പോസ്റ്റുകൾ ലഭിക്കുന്നതിനുള്ള അതൃപ്തി നിങ്ങളുടെ സുഹൃത്തിനോട് തുറന്നു പറയുക .

നിങ്ങളെ തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള സ്വകാര്യവിവരങ്ങൾ പോസ്റ്റ് ചെയ്യാതിരിക്കുക.

ശക്തിയുള്ള പാസ്‌വേഡുകൾ ഉപയോഗിക്കുക .അവനിങ്ങളുടെ സുഹൃത്തുക്കൾക്ക് ഷെയർ ചെയ്യാതിരിക്കുക.

നിങ്ങളുടെ ചിത്രങ്ങൾ, ഇമെയിൽ വിവരങ്ങൾ മുതലായവ മറ്റുള്ളവർക്ക് ഷെയർ ചെയ്യാതിരിക്കുക.

നിങ്ങളുടെ സ്വകാര്യ സന്ദേശങ്ങൾ സ്വകാര്യമായി വയ്ക്കുക ഒരിക്കൽ പോസ്റ്റ് ചെയ്താൽ അത് പ്രസിദ്ധമാകും.

**Silpa Shaji**
**IX C**

# പ്രളയം

ഓരോ തുള്ളിയും നമുക്കായി കരുതിവെച്ച

തിരിച്ചടിയാവാം ചെയ്ത് കൂട്ടിയ പാപകറകൾ

പ്രകൃതിതന്നെ നേരിട്ട് കഴുകികളയുകയാണ്

പുതിയ പാഠം പഠിപ്പിച്ചിട്ടും വീണ്ടും നാം പഴയ പാഠം

തന്നെ ഉരുവിടുമ്പോൾ പ്രകൃതി പിന്നെ എന്ത് ചെയ്യണം

ഈ തോരാ മഴയിലും അലിയാത്ത മനസ്സ്

മനുഷ്യന്റേതാവില്ല ........ അതൊരു ശില തന്നെ.

ആസിയ

IX C

# Sun rise

Sun rise sun rise
We see you on the east
We look something you
You are shiny and bright

You have yellow and orange
In your colour.
We are enjoy and play
And healthy and healthy everyday

When the sun up, i wake up
When the sun down, i take rest,

The sweetly bird make
Beautiful sounds and music
The clear blue sky
The sea so deep

We whom earth in every time
Sun was be here to lighten
Sun rises sea and the
Butterflies wake up

Sun rises sun rises
From the people wake up,

And do their job
Children going to school

Sun rise sun rises
You are the wonder,
line in the world,
You are very heat

Sunrises sunrises
You are the great one
In the world,
You are a star

ARUN KRISHNAN US
IX E